"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട രങ്കസ്വാമിയുടെ മകൾ ശ്രീമതി.ചിത്ര ആർ-ന് അഗളി റേഞ്ചിന് കീഴിൽ മരപ്പാലം പട്രോളിംഗ് ആൻഡ് ക്യാമ്പിംഗ് സ്റ്റേഷനിൽ ക്യാഷ്വൽ സ്വീപ്പറായി നിയമനത്തിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.272/2023/F&WLD തീയതി,തിരുവനന്തപുരം, 13-07-2023

---

പരാമർശം:-

1. 09.02.2010 - ലെ സ.ഉ(പി)നം.61/2010/ധന നമ്പർ ഉത്തരവ്.
2. 10.02.2021- ലെ സ.ഉ(പി)നം.27/2021/ധന നമ്പർ ഉത്തരവ്.
3. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് - ന്റെ 19.11.2022- ലെ ഇ6-3789/2020 നമ്പർ കത്ത്

**ഉത്തരവ്**

അഗളി റെയ്ഞ്ചിലെ ഷോളയൂർ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട രംഗസ്വാമിയുടെ മകൾ ചിത്ര.ആർ-ന്, അഗളി റേഞ്ചിന് കീഴിൽ മരപ്പാലം പട്രോളിംഗ് ആൻഡ് ക്യാമ്പിംഗ് സ്റ്റേഷനിൽ ക്യാഷ്വൽ സ്വീപ്പറായി ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കുവാൻ സർക്കാർ താത്ക്കാലിക അനുമതി നൽകിയിരുന്നു. പരാമർശം (2) ഉത്തരവ് പ്രകാരമുള്ള വേതനം നൽകിയാണോ അതല്ല ദിവസവേതന (എൻ.എം.ആർ) വ്യവസ്ഥയിലാണോ നിയമിക്കേണ്ടത് എന്നതിൽ വ്യക്തത വരുത്തണമെന്ന് പരാമർശം (3) പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആവശ്യപ്പെട്ടുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. അഗളി റെയ്ഞ്ചിലെ ഷോളയൂർ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട രംഗസ്വാമിയുടെ മകൾ ശ്രീമതി.ചിത്ര ആർ-നെ, പരാമർശം 1 ഉത്തരവിലെ മാനദണ്ഡത്തിൽ ഇളവ് അനുവദിച്ച്, അഗളി റേഞ്ചിന് കീഴിൽ മരപ്പാലം പട്രോളിംഗ് ആൻഡ് ക്യാമ്പിംഗ് സ്റ്റേഷനിൽ ക്യാഷ്വൽ സ്വീപ്പർ ആയി 179 ദിവസത്തേയ്ക്കും, അതിനുശേഷം ഒന്നോ രണ്ടോ ദിവസത്തെ ഇടവേള നൽകി വീണ്ടും 179 ദിവസത്തേയ്ക്ക് എന്ന നിലയിൽ പരാമർശം 2 ഉത്തരവ് പ്രകാരമുള്ള 8000/- രൂപ മാസവേതനത്തിൽ നിയമിക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സീത എസ് ലക്ഷ്മി

അണ്ടർ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഭരണം), തിരുവനന്തപുരം.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മണ്ണാർക്കാട്, മണ്ണാർക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്,

മണ്ണാർക്കാട് പി.ഒ, പാലക്കാട് -678 582

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.

ധനകാര്യ വകുപ്പ്( 22.06.2023 ലെ അഗ്രി-ബി2/436/2022/ധന പ്രകാരം)

വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി., സെക്രട്ടേറിയറ്റ്. (പ്രസിദ്ധീകരണത്തിനായി).

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad S
Date: 13-07-2023 15:25:49
സെക്ഷൻ ഓഫീസർ